**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ചട്ടങ്ങളിൽ ഇളവ് വരുത്തി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.136/2019/തസ്വഭവ        തീയതി, തിരുവനന്തപുരം, 23.01.2019

=====================================================================

പരാമർശം: 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.2240/2018-ന്മേലുള്ള 14.12.2018-ലെ വിധിന്യായം

2. പഞ്ചായത്ത് ഡയറക്ടറുടെ 21.01.2019-ലെ ഇ 11-26341/2018 നമ്പർ കത്ത്

3. സ.ഉ.(സാധാ) നം.132/2019/തസ്വഭവ തീയതി 23.01.2019

**ഉത്തരവ്**

31.03.2019-ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ശ്രീ. പി.കെ. അബൂബക്കർ സിദ്ധിഖ്, സലിം ഗോപാൽ എന്നിവർ, ജോയിന്റ് ഡയറക്ടർ തസ്തികയിൽ താല്ക്കാലിക പ്രൊമോഷൻ നൽകണമെന്നപേക്ഷിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.2240/2018-ന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് 4 ആഴ്ചയ്ക്കകം തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചു.

പഞ്ചായത്ത് വകുപ്പിൽ 5 ജോയിന്റ് ഡയറക്ടർ തസ്തികകൾ ഉള്ളതിൽ 4 തസ്തികകളും നിലവിൽ ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ അർഹരായ ഉദ്യോഗസ്ഥർക്ക് ഫീഡർ കാറ്റഗറിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ജോയിന്റ് ഡയറക്ടർ തസ്തികകൾ നികത്തേണ്ട ആവശ്യകത പരിഗണിച്ചും ബഹു. ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായും ഇത് ഒരു പ്രത്യേക കേസായി കണക്കാക്കി താൽക്കാലിക സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള വിലക്കിൽ ഇളവ് വരുത്തി കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം ചുവടെ പേര് ചേർക്കുന്ന പഞ്ചായത്ത് വകുപ്പിലെ സീനിയറും സ്ഥാനക്കയറ്റത്തിന് അർഹരുമായ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ 77400 – 115200 ശമ്പള സ്കെയിലിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ടി ഉദ്യോഗസ്ഥരുടെ പേരുകൾക്ക് നേരെ ചേർത്തിട്ടുള്ള സ്റ്റേഷനുകളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേരും നിലവിലെ സ്റ്റേഷനും | സ്ഥാനക്കയറ്റം നല്കി നിയമനം നൽകുന്ന സ്റ്റേഷൻ |
|---|---|---|
| 1 | ***പി. ജെ. ജയിംസ്***<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>തൃശ്ശൂർ ജില്ല | പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ<br>(ജോയിന്റ് സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ) |
| 2 | ***പി.എൻ അബൂബക്കർ സിദ്ദിഖ്***<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>പത്തനംതിട്ട ജില്ല | പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ,<br>(ചീഫ് രജിസ്ട്രാർ) |
| 3 | ***സലിം ഗോപാൽ***<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>കോട്ടയം ജില്ല | പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ<br>(ഭരണം) |
| 4 | **കെ.ആർ. പ്രഭ**<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>ആലപ്പുഴ | പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ<br>(സെക്രട്ടറി, ക്രൂസ്) |

സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. എസ്. ജോസ്നമോൾക്ക് പഞ്ചായത്ത് ഡയറക്ടേറ്റിൽ വികസന വിഭാഗം ജോയിന്റ് ഡയറക്ടറായി സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
3. ബന്ധപ്പെട്ട ജീവനക്കാർക്ക് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/410/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ